

# [ഈ]

# താളുകൾ




## BTM HSS THURAYUR

# [ഇ]
# താളുകൾ

*Digital Magazine*

Created
By
LITTLEKITES 2022-26 Batch
BTMHSS THURAYUR
PAYYOLI ANGADI PO 673523
04962470132
vadakara16074@gmail.com

| | |
|---|---|
| റവന്യൂ ജില്ല | കോഴിക്കോട് |
| വിദ്യാഭ്യാസ ജില്ല | വടകര |
| ഉപജില്ല | മേലടി |
| പ്രധാന അദ്ധ്യാപിക | സുചിത്ര പി കെ |
| പി.ടി.എ. പ്രസിഡണ്ട് | യു സി വാഹിദ് |

# ബി ടി എം എച്ച് എസ് എസ് തുറയൂർ



കോഴിക്കോട് ജില്ലയിൽ വടകര വിദ്യാഭ്യാസ ജില്ലയ്ക്ക് കീഴിലുള്ള മേലടി ഉപജില്ലയിലെ തുറയൂർ പഞ്ചായത്തിൽ കിഴക്കാനത്ത് മുകൾ എന്ന പ്രകൃതി മനോഹരമായ പ്രദേശത്താണ് ഞങ്ങളുടെ വിദ്യാലയം. വടക്ക് ഭാഗം കുറ്റ്യാടി പുഴയും തെക്കുഭാഗം അകലാപ്പുഴയും പടിഞ്ഞാറ് അറബിക്കടലിന്റെ കാഴ്ച്ചയും കാറ്റും ആസ്വദിക്കാവുന്ന ജലസമൃദ്ധമായ പ്രദേശമാണ് ഇവിടം. സ്വാതന്ത്ര്യ സമര സേനാനിയും കർമ്മയോഗിയുമായ ബാഫഖി തങ്ങൾ എന്ന വലിയ മനുഷ്യന്റെ ഓർമ്മയ്ക്കായി 1976ലാണ് ബാഫഖി തങ്ങൾ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ സ്ഥാപിച്ചത്. 2010 മുതലാണ് ഹയർസെക്കൻഡറി സ്കൂൾ ആയി വിദ്യാലയം ഉയർന്നത്. സ്ഥാപക മാനേജർ വെട്ടുവാട്ടിൽ ആമദ് ഹാജിയായിരുന്നു. അദ്ദേഹത്തിന്റെ വിശാലമായ കാഴ്ച്ചപാടും പ്രദേശവാസികളായ നാട്ടുകാരുടെ അകമഴിഞ്ഞ സഹകരണവും കൊണ്ടാണ് ഇവിടെ ഈ വിദ്യാലയം ഉയർന്നുവന്നത്. ആമദ് ഹാജിയുടെ മരണശേഷം ഭാര്യ ആയിഷ മാനേജർ ആയി. തുടർന്ന് മകൻ പക്കു സാഹിബും മാനേജരായി തുടർന്ന് മകൻ വെട്ടുവാട്ടിൽ സമദും ഇപ്പോൾ മകന്റെ മകൻ അജ്മൽ ഹക്കിമും മാനേജരായി തുടരുന്നു. ഹൈസ്കൂളിൽ 13 ഡിവിഷനുകളിലായി 8, 9,10 ക്ലാസുകളും ഹയർസെക്കൻഡറിയിൽ സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ക്ലാസുകളും നടക്കുന്നു.

# [ഇ]-താളുകൾ മറിയുമ്പോൾ.....

**പു**തിയകാലത്ത് സർഗ്ഗവൈഭവങ്ങളുടെ ഡിജിറ്റൽ ലോകത്തേക്കുള്ള മിഴിതുറക്കലാണ് ഈ മാഗസിൻ. ബി.ടി.എം എച്ച് എസ്.എസ് വിദ്യാർത്ഥികൾക്കിടയിൽ നിന്നും ഞങ്ങൾ കണ്ടെത്തിയ പ്രതിഭകൾ മാറ്റുരച്ച 'ഈ' താളുകൾ സമ്പന്നമാക്കാൻ ഞങ്ങളെ സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളേയും കൈറ്റ് മാസ്റ്റേസിനേയും മറ്റ് ടീച്ചേർസിനെയും ഈ അവസരത്തിൽ ഞങ്ങൾ ഓർക്കുന്നു. ഇതൊരു നിലക്കാത്ത പ്രവാഹമായി ഓരോ വർഷവും തുടരട്ടെ....

## EDITORIAL BOARD



**VIJILESH A**
**KITEMASTER**



**SAROOPA KP**
**KITE MISTRESS**



**FARHAN**



**HAMDAN**



**NILA T**



**AYISHA SAHALA**



**SAYEEDA**



**SHIFANA**

# MESSAGE

## പ്രധാനധ്യാപിക

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ 2023-24അധ്യയന വർഷം നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായുള്ള ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ മുഴുവൻ കുട്ടികളെയും അഭിനന്ദിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളുടെ സർഗ്ഗാത്മകവും ഐ.ടി അധിഷ്ഠിതവുമായ കഴിവുകൾ പരിപോഷിപ്പിക്കാൻ ഉതകുന്നതാണ്. ഈ ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു.

സുചിത്ര പി.കെ
പ്രധാനധ്യാപിക



# MANAGER

പ്രിയരെ,

ലിറ്റിൽ കൈറ്റ്സ് ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അഭിമാനമുണ്ട്. പുതിയ കാലത്ത് പുതുരീതികൾ ഉൾക്കൊള്ളുവാനും നടപ്പിലാക്കുവാനും നാം മുൻപന്തിയിൽ ഉണ്ടല്ലോ! ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോരുത്തരും ഭാവിയിൽ വലിയ ഉയരങ്ങളിൽ എത്തേണ്ടവരാണ് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. മഹത്തായ കാര്യങ്ങൾ പലതും ഇതുപോലുള്ള ചെറിയ തുടക്കങ്ങളിലൂടെയാണ് സംഭവിക്കുന്നത്, ഒരു പുതു വെട്ടമായി ഈ മാഗസിൻ മാറട്ടെ എന്നാശംസിക്കുന്നു.

മാനേജർ

അജ്മൽ ഹക്കീം



ഇൻഫർമേഷൻ ആൻ്റ് കമ്യൂണിക്കേഷൻ ടെക്നോളജിയിൽ താല്പര്യം ജനിപ്പിക്കുന്ന നൂതന സാങ്കേതിക വിദ്യയുടെ സുരക്ഷിതവും ഗുണപരവുമായ ഉപയോഗത്തിന് സഹായകരമാകുകയും ചെയ്യുന്ന ബി ടി എം എച്ച് എസിലെ ലിറ്റിൽ കൈറ്റ്,ഐടിമാഗസിൻഇറക്കുന്നകാര്യമറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ ക്രിയാത്മകമായ സൃഷ്ടികൾ സാങ്കേതിക വിദ്യയുമായി യോജിപ്പിച്ച് ഇറങ്ങുന്ന ഈ മാഗസിൻ നമ്മുടെ വിദ്യാലയത്തിന് ഒരു മുതൽ കൂട്ടാവുമെന്ന് ആശംസിക്കുന്നു. ഇതിന്റെ ലഭ്യത എളുപ്പവുമാവും.ഈ സംരഭത്തിൽഅണിനിരക്കുന്ന വിദ്യാർത്ഥികളേയും അധ്യാപകരേയും ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദിക്കുന്നു.



യുസി വാഹിദ് മാസ്റ്റർ
പിടിഎ പ്രസിഡന്റ്

തുറയൂർ ബി ടി എം ഹയർ സെക്കൻററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ ഡിജിറ്റൽ മാഗസിൻ വർത്തമാനകാലത്തെ വിദ്യാലയമനസ് കൃത്യമായി രേഖപ്പെടുത്തുന്നു. ഒമ്പതാംക്ലാസിലെ കൊച്ചുമിടുക്കരാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചതെന്നുള്ള കാര്യം ഏറെ സന്തോഷം നൽകുന്നതാണ്. കുരുന്നുമനസുകളിലെ സന്തോഷവും സന്താപവും ആശ്ചര്യവും, കവിതകളും കഥകളുമായി ഇതൾ വിരിയുന്നു. മാറുന്ന കാലഘട്ടത്തിന്റെ മുദ്രയണിഞ്ഞതു കൊണ്ടാണ് ഡിജിറ്റൽ മാഗസിൻ ഇന്നിന്റെ ആവശ്യമായി മാറുന്നത്. ഇതിനെ ഉൾക്കാഴ്ചയോടെ കാണാനും പ്രാവർത്തികമാക്കാനും കഴിഞ്ഞു എന്നതാണ് ലിറ്റിൽകൈറ്റ്സിനെ വേറിട്ടതാക്കുന്നത്. ഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സന്ധ്യ.പി.ദാസ്

പ്രിൻസിപ്പാൾ

പുതിയ സാങ്കേതിക വിദ്യയെ കൃത്യതായോടെയും പൂർണ്ണ മായും ഉപയോഗപെടുത്തി കൊണ്ട് തുറയൂർ ബി ടി എം ഹയർ സെക്കന്ററി സ്കൂളിലെ 9 ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഇറക്കുന്ന മാഗസിൻ എന്തുകൊണ്ടും പുതിയ കാലത്തിന് വളരെ പ്രാധാന്യംഉള്ളതും ഏറെ ഉപകാരപ്രദവുമാണ്.ഇതിന് പിന്നിൽ പ്രവർത്തിച്ച പ്രിയപ്പെട്ട എല്ലാവർക്കും എല്ലാവിധ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു



സി എ നൗഷാദ്

സ്റ്റാഫ് സെക്രട്ടറി

**വി**വരസങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കുട്ടികളിലെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുകയും അതോടൊപ്പം സങ്കേതിക വിദ്യയുടെ പുത്തൻ സാധ്യതകൾ വളർത്തുകയും ചെയ്യാൻ ഉതകുന്ന തലത്തിലുള്ള ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു



വിജിലേഷ് എ

SITC

വിദ്യാർത്ഥികളുടെ സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിനുവേണ്ടി ബി ടി എം എച്ച് എസ് എസ് തുറയൂരിലെ ഒമ്പതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ E – താളുകൾക്ക് എല്ലാ ആശംസകളും, പിന്നിൽ പ്രവർത്തിച്ച മുഴുവൻ ആളുകൾക്കും അഭിനന്ദനങ്ങളും നേരുന്നു.



ഷോഭിദ് ആർ പി
SRG കൺവീനർ

# ഉള്ളടക്കം

.ഇല്ലാണ്ടായവർ
.ഇനിയും ബാക്കിയുണ്ട്
.നിലാവ്
.തിരിച്ചറിവ്
.നീയോകവി മാഷ്
.വിശ്വവിഖ്യാതമായ മൂക്ക്
.മരുഭൂമിയിലെ തേന്നറകൾ
.ഉടൽ കാക്ക
.സങ്കട കടലിന്നൊടുവിൽ
.പ്രളയം
.ചോദ്യം
.പ്രളയം ബാക്കിവെച്ചത്
.വഴിതെറ്റിയ അക്ഷരകൂട്ടങ്ങൾ
.ഹൃദയശൂന്യർ
.ഒറ്റക്കായ വീട്ടുകൾ
.ഒരു വീടിന്റെ കഥ
.ഞൊനിന്നും ഏകാന്തതയിൽ
.ആതിരപ്പള്ളിയിൽ

# ഇല്ലാണ്ടായവർ

നിന്റെ ഇരുട്ടകറ്റാൻ ഉരുയുരുകി
യില്ലാണ്ടായെന്ന് മെഴുകുതിരി
നിനക്ക് സുഗന്ധം പകരാൻ
എരിഞ്ഞെരിഞ്ഞില്ലാണ്ടായെന്ന് ചന്ദനത്തിരി
നിനക്കൊപ്പം നടന്ന് തേഞ്ഞു
തേഞ്ഞില്ലാണ്ടായെന്ന് ചെരുപ്പ്
നിനക്കും നിന്റെ ചേലകൾക്കും വെണ്മ പകർന്ന്
അലിഞ്ഞലിഞ്ഞില്ലാണ്ടായെന്ന് സോപ്പ്
നിനക്ക് രുചി പകർന്നലിഞ്ഞലിഞ്ഞില്ലാണ്ടായെന്ന് ഉപ്പും പഞ്ചസാരയും
ഒടുവിലൊരു ചിതയിലൊരുമിച്ച്
കത്തിയമർന്നില്ലാണ്ടായി വിറക് കൊള്ളിയും നീയും



സത്രൂപ കെ പി

# ഇനിയും ബാക്കിയുണ്ട്

നിപയെന്ന മഹാമാരി ലോകത്തെങ്ങും
പകർത്തിയത് ഞാനാണെന്നാരോപറഞ്ഞൂ....
പനിയെന്നത് ഇപ്പോൾ നിപയായി
ഞാൻ തലതിരിച്ച് നിക്കുമ്പോൾ
എനിക്കത് നിപയായി മാറി
പലരും പലതും പറയുമ്പോൾ
എനിക്കാരും കൂട്ട് നിന്നില്ല.
ഞാൻ തനിച്ചായി പോയി
ജനങ്ങൾ ഒറ്റക്കെട്ടായി
എന്നെ അതിക്രമിക്കാൻ
പലരും വന്നു കൂടി
ഞാൻ എന്തു ചെയ്തു
മനുഷ്യർ പലരും
മുഖം മൂടികൾ ധരിച്ചിരിക്കുന്നു
അവരുടെ ആവശ്യങ്ങൾക്ക്
മാത്രം അണിഞ്ഞിരുന്നു മുഖം മൂടി
ഞാനത് ശ്രദ്ധിച്ചിരുന്നു
ഞാൻ വാഴയിലെയെയും അടക്ക
യെയും സ്വാധീനിക്കുന്നുണ്ടെന്നും
ആരോ പിന്നെയും പറഞ്ഞുപകർത്തി
ഞാൻ പിന്നെയും നിങ്ങളിൽ വന്നു
പിന്നെയും മനുഷ്യർ എന്നെ
ഒറ്റപ്പെടുത്തിയും, കീഴ്പ്പെടുത്തുകയും
ചെയ്തപ്പോൾ അവരിൽ നിന്ന്
കുറച്ച് അകന്നു നിന്നു പോയി.
എനിക്ക് ഇനിയും എന്തൊക്കെയോ
കഥകളും അനുഭവങ്ങളും പറയാൻ
ബാക്കിയുണ്ട്...



ദിയ മിർസ



# നിലാവ്

സൂര്യൻ  മറഞ്ഞ്  നിലാവ്  പരക്കുമ്പോഴെ
എന്നെ  കാണാറുള്ളൂ....
രാത്രിയിൽ ഒരു നിശാശലഭത്തെ പോലെ
പാറി നടക്കുന്നു...
ഒരു ശാഖയിൽ നിന്ന് മറു ശാഖയിലേക്ക്
മാറി തലകീഴായി ഞാൻ നിൽക്കുന്നു.....
ഞാൻ പക്ഷി മൃഗാദികളിൽ പെട്ടവനല്ല.....
എന്നും തനിച്ചായിരുന്നു  ഞാൻ.....
എത്രയോ സങ്കട ദിനരാത്രികൾ.....
ഞാൻ തള്ളി നീക്കുന്നു.........
ഇപ്പോഴിതാ  സമൂഹമാകെ എന്നെ
വെറുക്കുന്നു.....
ഞാൻ കാരണമായി വന്നു ചേർന്നുവെന്ന
നിപ...
ഇതിനാൽ എന്റെ ജീവിതം ഇരുണ്ട സങ്കട
ഉൾക്കടലിലേക്ക്  നീങ്ങുന്നു...

സമൂഹമേ ഈ ഒരുവനായ വെറുക്കപ്പെട്ടവനായ

ഞാൻ മാപ്പ് ചോദിക്കുന്നു.....

സഫ്ദിയ നൗഷാദ്

# തിരിച്ചറിവ്



ആരായിരുന്ന ഞാൻ
തിരിച്ചറിഞ്ഞില്ല
ദീർഘ കാലത്തെ
ജീവിതത്തിൽ

വളരണം മുന്നോട്ട് തിരിച്ചറിവോടെ
തുടങ്ങീടണം അത് എന്നിൽ നിന്നും

പൊടി തട്ടിയെടുക്കണം
എൻ മനത്തെ
ഞാൻ എന്ന സത്ത്വത്തെ
തിരിച്ചറിയാനായ്

ജീവിതമാകുന്ന
യാത്രാ വഴി മദ്ധ്യേ
ചിത്രശലഭമൊന്ന്
കാണാനിടയായി

അറിയാതിരുന്ന ഞാൻ
അറിഞ്ഞു തുടങ്ങി
പറന്നുയരാൻ വേണ്ടി
ചിറകിനെ തേടണം

വളർന്നു കൊണ്ടിരികുന്ന- എൻ
ചിറകിനെ നോക്കി ആസ്വദിക്കുന്നു-
ഞാൻ മഹത് വ്യക്തിയിലൂടെ

**നിസാർ എം സി**

# നിയോ കവി മാഷ്

ഒരായുസ്സിന്റെ
നെടുവീർപോടെ
ഒരു പിൻ വിളിയിൽ
മാത്രമായി
ഒതുങ്ങിപ്പോയവരുണ്ട്
മാഷേ എന്നെയൊന്ന്
കെട്ടിപ്പിടിക്കയോ....
എല്ലുകൾ നുറുങ്ങുന്ന
പോലെ ഇറുക്കിയിട്ട്
മാഷിന്റെ നിശ്വാസം
എന്റെ കവിളിൽ
പതിക്കുവോളം.....
സ്വയം മറക്കാൻ മാത്രം
ഒന്നും ഇല്ല്യാ മാഷേ
ഓർമകളുടെ
വിങ്ങലുകൾ മാത്രമേ
ഇനിയുള്ളൂ.......
ജീവിതം പലപ്പോഴും
മടുത്തു തുടങ്ങുന്നത്
പലതും മറക്കാൻ
കഴിയാതെ വന്നപ്പോഴായിരുന്നു,
മൗനം കൊണ്ട് തീർത്ത
കണ്ണീർ ചാലിൽ
നോവിന്റെ ഉപ്പുരസമേറെ-
യുണ്ടായിരുന്നു,
അവളുടെ
സ്വപ്നങ്ങൾക്ക് നിറം
നൽകിയ നീയോ കവിതയാണ്
ഞാൻ,
അവൾക്ക്  ഞാൻ നീയോ കവിമാഷാണ്
ഗുരുമാഷാണ്
അവളുടെ വഴി മാഷാണ് ഞാൻ
നീയോ കവി മാഷാണ്,

സായൂജ് എസ്

# വിശ്വവിഖ്യാതമായ മൂക്ക്

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്ത കഥകളിലൊന്നാണ് വിശ്വവിഖ്യാതമായ മൂക്ക്. ആക്ഷേപഹാസ്യത്തിൽ പൊതിഞ്ഞ സാമൂഹിക വിമർശനമായാണ് ഈ കഥ ബഷീർ പറയുന്നത്. ഒരു സാധാരണ പാചക തൊഴിലാളിക്ക് ഒരു ദിവസം മൂക്കിന് നീളം വയ്ക്കുകയും, അതിനെ തുടർന്ന് ഉണ്ടാവുന്ന സംഭവ വികാസങ്ങളാണ് ഈ കഥയിൽ പറയുന്നത്.

മൂക്ക് എന്ന വിഷയത്തിലൂടെ സാമൂഹിക പൊട്ടത്തരങ്ങളെ ഹാസ്യാത്മകമാക്കി നോക്കിക്കാണുകയാണ് ബഷീർ ഈ കഥയിലൂടെ. കുശിനി പണിക്കാരനാണ് ഈ കഥയിലെ നായകൻ. നായകന് എഴുതാനോ വായിക്കനോ അറിയില്ല. കുശിനി പണി ചെയ്യുക, ഉറങ്ങുക, നല്ലവണ്ണം ഭക്ഷണം കഴിക്കുക, വിണ്ടും കുശിനി പണിചെയ്യുക ഇതാണ് നായകന്റെ പ്രധാന ജോലികൾ. എന്നാൽ തന്റെ ഇരുപത്തിനാലാം വയസ്സിൽ ഒരു മഹാത്ഭുതം സംഭവിക്കുകയാണ്. അവസാനം പൊക്കിൾ വരെ അത് നീണ്ടു അത് കൊണ്ട് തന്നെ ജോലികളിൽ നിന്ന് പിരിച്ചു വിട്ടു. അങ്ങനെ നായകന് 'മൂക്കൻ' എന്ന പേര് വിണു . മൂക്കന്റെ മൂക്ക് കാണാൻ രാപ്പകൽ മുഴുവനും ആളുകളുടെ ബഹളം തുടങ്ങി . അങ്ങനെ മൂക്കന്റെ അമ്മ മൂക്കനെ കാണാൻ ഫീസ് നിശ്ചയിച്ചു. ദിനം പ്രതി ഫീസ് വർദ്ധിച്ചു. ആറുകൊല്ലം കഴിഞ്ഞു, കുശിനി പണിക്കാരൻ ലക്ഷപ്രഭുവായി. മൂന്ന് പ്രാവിശ്യം സിനിമയിൽ അഭിനയിച്ചു. വലിയ മന്ദിരങ്ങൾ പണിതു രണ്ട് സുന്ദരികളായ സെക്രട്ടറികൾ ഉണ്ട്. ലോകത്ത് എന്തൊക്കെ സംഭവിക്കുന്നുവൊ, അതിനൊക്കെ അഭിപ്രായം പറയാൻ തുടങ്ങി. അല്ലാത്തതൊക്കെ നിസാരമായി ജനങ്ങൾ കണ്ടു

അങ്ങനെ മൂക്കനെ കയ്യിലെടുക്കാൻ ശ്രമം തുടങ്ങി. നാസിക പ്രമുഖൻ എന്ന ബഹുമതിയും മെഡലും നൽകി. മാത്രമല്ല ഭരണ പക്ഷ പാർട്ടി അദ്ദേഹത്തെ തങ്ങളുടെ പാർട്ടിയിൽ ചേർത്തു. ഇത് തടയാൻ എതിർ പാർട്ടികൾ മൂക്കന്റെ മൂക്ക് ഒർജിനൽ അല്ല എന്ന് പ്രസ്താവിച്ചു. തുടർന്ന് ലഹളകൾ നടത്തി. മൂക്കൻ അറസ്റ്റിലാക്കി ഒടുവിൽ മൂക്കന്റെ പരസ്യ വിചാരണക്കായി




48 ഓളം പ്രതിനിധിയായി വിദ്ഗ ഡോക്ടർമാർ മൂക്ക് പരിശോധിക്കാനായി വന്നു. അതിൽ ഒരു ഡോക്ട്ർ ഒരു മൊട്ട്സൂചി കൊണ്ട് തുമ്പത്ത് കുത്തി ,അതാ ഒരു ചുവന്ന തുള്ളി മൂക്ക് ഒർജിനലാണ് എന്ന് പ്രഖ്യാപിച്ചു. ദിനംപ്രതി മൂക്കനെ ലോകം അറിയാൻ തുടങ്ങി. ഈ സമൂഹത്തോടുള്ള ഒന്നാന്തരം പരിഹാസമാണ് നിറച്ചിരിക്കുന്നത്. എതെങ്കിലും കഴിവോ സിദ്ധിയോ ഉണ്ടെങ്കിൽ അതിലൂടെ എങ്ങനെ പ്രമുഖനാവാമെന്നാണ് ബഷീർകാണിച്ചുതരുന്നത്.

നഹ്ദിയ നൗഷാദ്

# മരുഭൂമിയിലെ തേനറകൾ

നജ്‌വ ഫാത്തിമ

ആസ്വാദനക്കുറിപ്പ്

പി.സുരേന്ദ്രൻ എന്ന ഒരു നോവലിസ്റ്റിന്റെ ഒരു യാത്രാവിവരണമാണ് മരുഭൂമിയിലെ തേനറകൾ എന്ന ഈ പുസ്തകം.വായിച്ചാൽ നിറുത്താൻ തോന്നാത്ത ഒരു കഥയാണ് ഇത്.ഇദ്ദേഹത്തിന്റെ സൗദി അറേബ്യയിലെ സ്ഥലങ്ങളുടെ സന്ദർശനമാണ് . ഇതിൽ പറയുന്നത്.ഇടയന്റെ വഴി,ഹലീമയുടെ കാൽ പാടുകൾ , താഴ്വരയിലെ തമ്പ് തുടങ്ങി 21നോളം യാത്രാവിവരണങ്ങൾ ഇതിലുണ്ട്. അദ്ദേഹം കുറേ കാലം കാത്തിരുന്ന് പോയ ഒരു യാത്രയായിരുന്നു ഇത്.ഇദ്ദേഹം ജിദ്ദയിൽ നിന്നാണ് യാത്ര തുടങ്ങുന്നത് ത്വാഇഫിലെ താഴ്വരയിലെ ഇടയന്മാരെയും അവിടുത്തെ പച്ചപ്പും അറഫാമഹാസംഗമ ഭൂമി കണ്ടെന്നുമൊക്കെ ഇതിൽ പറയുന്നു. ഇവർ ഒരോ ഇസ്ലാമിക ചരിത്രവും പറയുന്നുണ്ട്.പോറ്റുമ്മയായ ഹലീമയെ കുറിച്ച് ഇതിൽ വിവരിക്കുന്നുണ്ട്.ത്വാഇഫിലെ പ്രധാന ചരിത്ര ഭൂമിയായ ഉക്കാള് ചന്തയെ കുറിച്ചും ഇതിൽ വിശദീകരിക്കുന്നുണ്ട്.അവിടെ സമ്പത് ഘടനയുടെ അടിത്തറയായിരുന്നു കച്ചവടം.വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് ചരക്ക് മാത്രമല്ല.സംസ്കാരം കൂടിയായിരുന്നു.കവികളുടെ സംഗമതലസ്ഥാനമായിരുന്നു.ഉക്കാള് അറേബ്യയുടെ നാനാ ഭാഗത്തുനിന്നും കവികൾ ഉക്കാള് ചന്തയിലെത്തും. അവർ കവിതകൾ കൊണ്ട് മാറ്റൊരുക്കും.ഇങ്ങനെയെക്കെയാണ് കവി ഉക്കാളിനെ കുറിച്ച് വിശദീകരിക്കുന്നത്.ശറഫിയ എന്ന ലിറ്റിൽ ഇന്ത്യയെക്കുറിച്ചും ഇതിൽ പറയുന്നുണ്ട്.ഇത് മലയാളികൾക്ക് ലിറ്റിൽ കേരളവുമാണ്.കാരണം ഇവിടെ കൂടുതലും ഇന്ത്യക്കാരാണ്.മലയാള ഭാഷയിൽ തന്നെ ഈ പട്ടണത്തിൽ നമുക്ക് പിടിച്ചു നിൽക്കാം.ബലദിലെ ചിത്രഭംഗികളെ ക്കുറിച്ചാണ് 9-ാമത്തെ വിവരണത്തിൽ പറയുന്നത്.ജിദ്ദയുടെ കലാമുക്തമായ മുഖമാണ് ബലദ്. ജിദ്ദയിലെ കറുത്ത നഗരം എന്നറിയപ്പെടുന്ന നഗരമാണ് കരിന്തന.ഇവിടേക്ക് എല്ലാവർക്കുമെന്നും പോവാൻ അനുവദിനീയമല്ല.കാരണം അവിടത്തെ കറുത്ത വർഗക്കാർ നിയമങ്ങളെന്നും പാലിക്കുകയില്ല.പോലീസിനും പട്ടാളത്തിനും പോലും അവിടെ പ്രവേശിക്കാൻ കഴിയുന്നില്ല.അവർ അത്രയും അക്രമകാരികളാണ്. അറബ് നാട്ടിൽ പ്രശസ്തയായ ചിത്രകാരിയായ സഫിയ ബിൻ സാഗറിനെ കുറിച്ചും ഇതിൽ പറയുന്നുണ്ട്.ജിദ്ദയിലാണ് അവർ ജനിച്ചത്. ഇവർ ചിത്രങ്ങൾ വരയ്ക്കുക മാത്രമല്ല.ചിത്രകലയെ കുറിച്ച് എഴുതാനും ഇവർ ശ്രമിച്ചിട്ടുണ്ട്. പിന്നെ അസീറിലെ വാസ്തുഷില്പത്തെ ക്കുറിച്ചാണ് പറയുന്നത്.അസീർ മേഖലയിലൂടെ യാത്ര ചെയ്യുമ്പോൾ ഇരുവശങ്ങളിൽ വാസ്തുഷില്പം കൊണ്ടും അലങ്കാരങ്ങൾ കൊണ്ട് നിറഞ്ഞു നിൽക്കുന്ന ധാരാളം വീടുകളും കെട്ടിടങ്ങളും ഇവിടെ കാണാം.ഇങ്ങനെയുള്ള ഈ പുസ്തകത്തിൽ ധാരാളം ചരിത്രങ്ങൾ അടങ്ങിയിട്ടുണ്ട്.അറേബ്യയുടെ ആദിമ ചരിത്രത്തിലേക്കും സംസ്കൃതിയിലേക്കുമുള്ള ഒരു തീർത്ഥാടനം കൂടിയാണ് ഈ പുസ്തകം. ഇസ്ലാം സമ്മാനിക്കുന്ന ആത്മീയ്യാനുഭൂതി നിലാവു പോലെ ഈ ഗ്രന്ഥത്തിൽ പടർന്നു കിടക്കുന്നു. യാത്രാ വിവരത്തിന് കേരളസാഹിത്യ അവാർഡ് ലഭിച്ച എഴുത്തുകാരന്റെ ശ്രദ്ധേയമായ മറ്റൊരു പുസ്തകം കൂടിയാണിത്. ഈ കഥ ഒരു പ്രാവശ്യമെങ്കിലും നിങ്ങൾ വായിച്ചിരിക്കണം.



# ഉടൽ കാക്ക

ഉത്തർ പ്രദേശിലെ ഒരു ചെറു പട്ടണമായിരുന്നു
ായി ബറെലി. പൊടി പിടിച്ച ഇടുങ്ങിയ
റോഡും റോഡിനിരു വശവും ഉയരം കുറഞ്ഞ
ഒരുപാട് കടകളും ഉണ്ടായിരുന്നു.
സാദാരണക്കാരിൽ സാദാരണക്കാർ
പാർക്കുന്നിടം. നിറം കുറഞ്ഞതും ചുരുണ്ട
മുടിയുള്ളതുമായ ഒരുപാട് മനുഷ്യർ തിങ്ങി
പാർത്തൊരിടം.
റോഡിലെ പൊടി വന്നടിച്ചിട്ടാവണം
ചാന്തിനിക്ക് അന്ന് പതിവിലും അസ്വസ്ഥത
തോന്നിയത്. വില്ലൻ ചുമ ! തുടങ്ങിയിട്ടാറെഴ്
കൊല്ലം കഴിഞ്ഞു.മരുന്ന് മാറി മാറി കഴിക്കാ
എന്നല്ലാതെ ചുമക്ക് യാതൊരു കുറവും ഇല്ല.
തൊട്ടപ്പുറത്തെ മുറിയിൽ വാതം പിടിച്ച്
കിടപ്പുണ്ട് അപ്പൻ ഘോലു.
ചന്തിനിക്കും ഘോലുവിനും ആണായിട്ടും
പെണ്ണായിട്ടും ഒന്നേ ഉള്ളൂ. എമിലി ..! നിറമിത്തിരി
കുറവാണേലും കാണാൻ അതീവ
സുന്ദരിയായിരുന്നു എമിലി. അതുകൊണ്ട് തന്നെ
നല്ല പ്രായത്തിൽ കല്യാണ ആലോചനകളുടെ
ബഹളമായിരുന്നു. കൂടുതലൊന്നും
ആലോചിക്കാതെ ഉശിരുള്ളൊരുത്തന്റെ കയ്യിൽ
പിടിച്ചേൽപ്പിച്ചു. ആറു വർഷം കൊണ്ട് മൂന്ന്
കുട്ടികൾ ആയപ്പോൾ ഉശിരുള്ളവൻ പുതിയ മധു
തേടി പോയി . എമിലിക്ക് അതിൽ നിരാശയോ
സങ്കടമോ ഉള്ളതായി അപ്പനും അമ്മക്കും
തോന്നീല. "അല്ലേലും ഉള്ളിൽ ഉള്ളതൊന്നും
പുറത്തു കാണിക്കാതെ നടക്കാൻ കെങ്കേമിയാ
ന്റെ കുട്ടിയെന്ന് "അമ്മ എപ്പോഴും ചുമച്ച് കൊണ്ട്
പറയും. നിറഞ്ഞ കണ്ണ് ആരും കാണാതെ തുടച്ച്
എമിലി ചിരിയുടെ മൂടുപടമണിയും. ഒരുപാട്
കാലങ്ങൾക്കിപ്പുറവും അയാളുടെ ഓർമ്മകളിൽ
ഈറനണിയുന്നുണ്ടെ ങ്കിൽ ഉള്ളം എന്തോരം
കനലെരിഞ്ഞു തീർന്നു കാണും.
മൂത്തതിന് ഒമ്പത് കഴിഞ്ഞു. അതിന്റെ
ഇളയത് രണ്ടെണ്ണം. കുഞ്ഞു ഹൃദയങ്ങളുടെ
മനസ്സിൽ തളിരിടുന്നൊരുപാട് ആഗ്രഹങ്ങളിൽ
ഉത്തരം മുട്ടിയപ്പോഴാണ് എമിലി വീട്
വിട്ടിറങ്ങാൻ തുടങ്ങിയത്.കിടപ്പിലായ അപ്പനും
അമ്മയും ...പുഴുക്കുത്തേറ്റ പല്ല് കാട്ടി ചിരിക്കുന്ന
കുഞ്ഞനെയും കണ്ട് പ്രാരാബ്ദത്തിന്റെ
മാണ്ടക്കെട്ട് **ചുമലിൽ ഏറ്റിയതാണ് എമിലി.**

കുളിച്ചൊരുങ്ങി പൊട്ട് തൊട്ട് മുട്ടോളം മുടി
മുടഞ്ഞ് കെട്ടി മുല്ലപ്പൂ ചൂടി പോവുന്നത് കണ്ടാൽ
മൂന്ന് പെറ്റതാണെന്നാരും പറയില്ല. എമിലി
രാവിലെ വീട് വിട്ട് ഇറങ്ങിയാൽ കൃത്യം ഒരാഴ്ച
കഴിഞ്ഞാണ്
തിരികെ എത്തുന്നത്. ഒരുപാട് ദൂരെ ഒരു
സ്ഥലത്ത് ഏതോ ഒരു ഹോട്ടെലിലെങ്ങാനും
ആണ് അമ്മക്ക് ജോലി അത്രേ മക്കൾക്കറിയൂ.
ഒഴിഞ്ഞ കഷായ കുപ്പിയും അപ്പന്റെ മരുന്നും
വീട്ടിലേക്കുള്ള സാധനങ്ങളും മുറ തെറ്റാതെ
മാസവസാനം വാങ്ങുന്നത് അവളായത് കൊണ്ട്
തന്നെ അമ്മയും അപ്പനും പോക്കു വരവ്
എങ്ങോട്ടാണെന്നന്വേഷിക്കാറില്ല.
ഈ നീണ്ട ഒരാഴ്ച്ച കാലം ചാന്തിനി എങ്ങനേലും
മക്കളെ നോക്കും. അമ്മ വരുമ്പോൾ കൈ
നിറയെ കൊണ്ടു വരുന്ന സമ്മാനപ്പൊതികൾ
കണ്ണിൽ കാണുന്നതിനാലാവാം മൂന്നു
വയസുകാരനടക്കം അമ്മമ്മ പറയുന്നത്
അക്ഷരം പ്രതി അനുസരിക്കുന്നതും.
ചാന്ത്, കണ്ണാടി , കുപ്പിവള, കുറച്ചധികം മേക്ക്
അപ് സാധങ്ങൾ, നിറയെ പുള്ളികളുള്ള പല
നിറത്തിലുള്ള സാരി എന്നിവയെല്ലാം മറക്കാതെ
വലിയ ബാഗിൽ ഒതുക്കി വെച്ച് മക്കളെ ചുംബിച്
എമിലി യാത്രയാവുമ്പോൾ
കണ്ണ് ചുവന്നു കലങ്ങുന്നത് ആരും കാണാറില്ല.
വീടും നാടും വിട്ട് ഒരുപാടകലെ ഒരു
ലോഡ്ജിൽ ആണ് പിന്നീടുള്ള ഒരാഴ്ച
കാലം.ഉടൽ വിറ്റ് ജീവിതം കഴിക്കേണ്ടി വരുന്ന
ഒത്തിരി പേരവിടെയുണ്ട്.മുഖത്ത് കൃത്രിമ ചിരി
പടർത്തുന്നവർ. പരാതിയില്ലാതെ
തേടിയെത്തുന്ന പര പുരുഷന്റെ ഗന്ധമേറ്റ്
വാടാതെ ഉയിർത്തെഴുന്നേറ്റവർ.
ക്ഷീണമോ തളർച്ചയോ ബാധിക്കാത്തവർ.
നിത്യേനെ കന്യകയായി കുളിചൊരുങ്ങി
നിൽക്കുന്നവർ. വിരുന്നെത്തുന്നവർക്ക്
രാത്രിയോ പകലോ എന്നില്ല. മുന്നിലുള്ളവളെന്നും
പുതിയതായിരിക്കും. ആദ്യമായും അവസാനമായും
രുചിക്കുന്ന പുതു പുത്തൻ...!
ഒരു ദിവസം രാത്രി ഒരു ഓടീസക്കാരൻ
തന്നെ തേടിയെത്തി. വയസ് ഏകദേശം
അറുപതിനോട് അടുത്ത് കാണും. കയ്യിലൊരു
സ്റ്റിക്ക് ഉണ്ട്. ഭാര്യ ഒരുത്തന്റെ കൂടെ ഒളിച്ചോടി
പോയത്രേ. അതിന്റെ സങ്കടം തീർക്കാൻ
ഇറങ്ങിയതാണ് പോലും. തൊട്ടപ്പുറത്തെ
മുറിയിലെ രാധിക പറഞ്ഞതാണത്.
എമിലി കുളിച്ചൊരുങ്ങി ഒരു മണവാട്ടി
കണക്കെ ചമഞ്ഞു നിന്നു. കൂടുതലൊന്നും

സംസാരിച്ചില്ല. ആവശ്യവും കഴിഞ്ഞ് പോവുമ്പോൾ ഇരുട്ടിൽ കിട്ടിയ പണം അരയിൽ തിരുകി..അടുത്തായാ ൾ അന്നം തേടുന്ന ശരീരത്തിൽ തുറിച്ചു നോക്കുന്നുണ്ടായിരുന്നു. നോട്ടങ്ങൾ പലവിധം കണ്ടത് കൊണ്ട് തന്നെ എമിലിക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല.

കൈ നിറയെ സമ്മാനപ്പൊതിയുമായി വരുന്ന തന്നെ കാത്തിരിക്കുന്ന മക്കളുടെ മുഖം മാത്രം ഉള്ളിൽ തെളിഞ്ഞു.

തണുത്ത വെള്ളം തലയിലൂടെ താഴേക്ക് ഒഴുകുമ്പോൾ കേറി നിരങ്ങിയ പേരറിയാത്ത... നാടറിയാത്ത .
..മുഖം പോലും ഓർമയില്ലാത്ത... ഒട്ടനവധി പേരും ഒലിച്ചിറങ്ങി.

പണമൊരുപാട് പെട്ടിയിൽ നിറഞ്ഞപ്പോൾ ബാഗെടുത്ത് എമിലി പതിയെ ലോഡ്ജ് വിട്ട് നടന്നു. രണ്ടു ദിവസം അമ്മയും മകളുമാവാൻ. അറ്റമില്ലാത്ത ജീവിതത്തെ എത്തിപ്പിടിക്കാൻ കാലമുരുളും നാൾ വരെ കൂടെയുള്ളവർക്ക് കാവലേകാൻ ഒറ്റക്ക് ഉരുകിയൊലിച്ചങ്ങനെ..ഉടൽ കാക്കയായി ചിലർ മാറുന്നു.

**സായൂജ് എസ്**

# സങ്കടകടലിനൊടുവിൽ



നല്ല മഴയുള്ള രാത്രി ടോർച്ചിന്റ വെളിച്ചത്തിൽ ഗ്രാമവീഥിയിലൂടെ രണ്ടുപേർ നടന്നു വരുന്നു.നടന്ന് നടന്ന് അവർ ഒരു ദേവാലയത്തിന്റെ മുൻപില് എത്തി.ദേവാലയത്തിന്റെ പടികളിൽ എന്തോ സൂക്ഷമതയോടെ വെച്ചുകൊണ്ട് അവർ പോയി. അല്പസമയത്തിന് ശേഷം രണ്ടുപേർ ദേവാലയത്തിന്റെ അടുത്തെത്തി. അതിന്റെ അടുത്തേക്ക് ചെന്നു നോക്കി. അതിമനോഹരമായ തുണിയിൽ പൊതിഞ്ഞ എന്തോ അവർ അവിടെ കണ്ടു. അവർ നോക്കിയപ്പോൾ അവിടെ കണ്ടത് പിഞ്ചു കുഞ്ഞിനെയായിരുന്നു. ഏകദേശം ഒരു മാസം മാത്രം പ്രായം വരുന്ന ഒരു പെൺകുട്ടി ആ കുട്ടിയെ കണ്ടത് ഒരു ഭാര്യയും ഭർത്താവും ആയിരുന്നു. അവർക്ക്കുട്ടികൾ ഉണ്ടായിരുന്നില്ല. ആ കുട്ടിയെ കണ്ടപ്പോൾ അവർക്ക് വളരെ അധികം സന്തോഷമായി. അവർക്ക് ദൈവം കാണിച്ച് കൊടുത്ത ഒരു കുട്ടി മാലാഖയാണ് എന്നവർക്കു തോന്നി.

അവർ പെട്ടെന്നു തന്ന അവരുടെ വീട്ടിലേക്ക് ആ കുട്ടിയെ കൊണ്ടുപോയി.നല്ല ഭംഗിയുള്ള വീടായിരുന്നു അത്. ആ കുട്ടിയെ അവർ കട്ടിലിലേക്ക് കിടത്തി. അടുത്ത ദിവസം തന്നെ കുഞ്ഞിനെ കിടത്താനുള്ള
തൊട്ടിലും വാങ്ങി . അവർക്ക് അവർ ഒരു പേരിട്ടു.
'സംഗീത' അങ്ങനെ അവർ വളരെ സന്തോഷത്തോടെ ജീവിക്കുകയായിരുന്നു.

അങ്ങനെ കാലങ്ങൾ കടന്നു പോയി.
സംഗീതയ്ക്ക് പത്തുവയസ്സായപ്പോൾ അവളുടെ പോറ്റമ്മയായ
യാമിനിയ്ക്ക് ഒരു പെൺകുഞ്ഞ് ജനിച്ചു. അവർക്ക് അവർ
മനോഹരമായ പേരിട്ടു. ലക്ഷ്മി ജനിച്ചതോടെ
സംഗീതയോടുള്ള സ്നേഹവും അടുപ്പവും യാമിനിക്കും വാസുവിനും കുറഞ്ഞു വന്നു. അവരുടെ സന്തം മകളായ ലക്ഷമിയോടു സ്നേഹം കൂടുകയും ചെയ്തു. അത് സംഗീതയ്ക്കും മനസ്സിലായിതുടങ്ങി. സംഗീതയുടെ മനസ്സിൽ അത് വളരെയേറെ മുറിവുണ്ടാക്കി. രണ്ടുക്കൊല്ലം കഴിഞ്ഞപ്പൊൾ അവളെപള്ളിക്കുടത്തിൽ

പോകാൻ സമ്മതിച്ചില്ല. ലക്ഷ്മി വളരുന്തോറും അവരുടെ മനസിൽ സംഗീത ഒരു കരടായി മാറി. അവളെ തൊട്ടതിനും പിടിച്ചതിനും കുറ്റം പറയാൻ തടങ്ങി.
സംഗീതയെകൊണ്ട് വീട്ടജോലികളെല്ലം ചെയ്യിച്ചു. എല്ലാ ജോലിയും കഴിഞ്ഞ് ലക്ഷമി യോടൊത്ത് കളിക്കുബോൾ അടിക്കുകയും. ശകാരിക്കുകയും ചെയതു അവളെ വെറും
നിലത്തു കിടത്തും മഴയത്തും ഇടിയത്തും അവൾ
തനിച്ചായി .ചില ദിവസങ്ങളിൽ അവൾ ഉറങ്ങുബോൾ കരയും.
എന്നോടെന്താണ് ഇങ്ങനെ പെരുമാറുന്നത് എന്നവൾ ചന്തിച്ചു അങ്ങനെ കരഞ്ഞു കരഞ്ഞ് അവൾ
ഉറങ്ങും അവരുടെ ഉപദ്രവം സഹിക്കാനാകാതെ അവൾ

വീടുവിട്ടിറങ്ങി. അവൾ കാട്ടിലെത്തി. ആരും കണ്ടാൽ പേടി തോന്നുന്ന കാട് . അപ്പോഴേക്കും നേരം വളരെ ഇരുട്ടിയിരുന്നു. ഇരുൾ നിറച്ച് കാർമേഘം വന്നു. പെട്ടെന്ന്

ശക്തമായ മഴ പെയ്തു. അവൾ പേടിച്ച് നിലവിളിച്ചു. എന്നെ
രക്ഷിക്കണേ....അവൾ അലറിക്കരഞ്ഞു. അവൾ പെട്ടെന്ന് ഒരു
വലിയ മരത്തിന്റെ ചുവട്ടിലിരുന്നു അവൾ സമയം വൈകുന്തോറും
ഇരുൾകൂടിക്കൂടി വന്നു. പെട്ടെന്ന് ഒരു മിന്നാമിന്നിയെ കണ്ടു. അത് അവളുടെ കൈകളിൽ
വന്നിരുന്നു. അങ്ങനെ ഒരു കൂട്ടം മിന്നാമിന്നികൾ

അവൾക്ക് ആശ്വാസം നൽകാൻ
വഴികാട്ടികളായി
രക്ഷകരെപ്പോലെ വന്നു. ആ മിന്നാമിന്നികളെ
കണ്ടപ്പോൾ
അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. അവൾ
ആ മിന്നാമിന്നുകളുടെ സഹായത്തോടുകൂടി കുറേ
ദൂരെ സഞ്ചരിച്ചു. യാത്രകൾക്കിടയിൽ അവളൊരു
വൃദ്ധയായ സ്ത്രീയെ കണ്ടു. തല ഒരു തുണികൊണ്ട്
മൂടിയിരുന്നു. ആ വൃദ്ധയായ സ്ത്രീ
അവളോട് ചോദിച്ചു. മോളേ നീ എന്തിനാണ് ഈ
രാത്രിയിൽ ഒറ്റയ്ക്ക് നടക്കുന്നത് എന്ന് .
അവൾ നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. ആ
മുത്തശ്ശിയോട്
ഇതെല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ അത്ഭുതം ഒരു
മായഎന്ന് പറയാം അവർ പെട്ടെന്നുതന്നെ
അവളുടെ വീട്ടിൽ എത്തി. ആ വൃദ്ധയായ
സ്ത്രീയോടവർ ചോദിക്കും ഇതെങ്ങനെലരലച
സംഭവിച്ചു എന്ന് മുത്തശ്ശി ഒന്നും പറയാതെ
പുഞ്ചിരിച്ചു. ആ മുത്തശ്ശിയുടെ കൈയിലൊരു
വടിയുണ്ടായിരുന്നു. ആ
വടിയെടുത്ത് എന്തോ മനസ്സിൽ പറഞ്ഞു പെട്ടെന്ന്
തന്നെ
ലക്ഷ്മി ആ മുത്തശ്ശിയുടെ അടുത്തെത്തി. കുറച്ച്
കഴിഞ്ഞ് ലക്ഷ്മിയെ കാണാതായപ്പോൾ അവർ
കുറേ അന്വേഷിച്ചു. അവർ രണ്ട് പേരും വളരെ
സങ്കടത്തോടെ
നിൽക്കുകയായിരുന്നു.
അപ്പോഴാണവർക്ക് സംഗീതയെ ഓർമ്മ വന്നത്.
നമ്മൾ
അവളോട് കാണിച്ചത് വളരെ തെറ്റായിരുന്നു
എന്നും, അതിന് നമുക്ക് ദൈവം തന്ന ശിക്ഷയാണ്
ഇതെന്നും പറഞ്ഞ് കൊണ്ട് അവർ
കരയുകയായിരുന്നു. ദൂരെ നിന്ന്
ആ വൃദ്ധയായ സ്ത്രീയും സംഗീതയും
കാണുന്നുണ്ടായിരുന്നു.
ആ വൃദ്ധയായ സ്ത്രീ സംഗീതയോട് പറഞ്ഞു നീ
അവരുടെ അടുത്തേക്ക് പോകൂ എന്ന്
സംഗീതയെ കണ്ടപ്പോൾ യാമിനിയും വാസുവും
അവളെ കെട്ടിപ്പിച്ച് ഉമ്മ വെച്ചു.
ലക്ഷ്മി ഓടി ചെന്നു കൂടെ ആ വൃദ്ധയായ
സ്ത്രീയും അത്ഭുതമെന്നു പറയട്ടെ വെള്ള
നിറത്തിലുള്ള വസ്ത്രമണിഞ്ഞ്
മാന്ത്രിക വടിയും ഉള്ള ഒരു മാലാഖ അവിടെ
പ്രത്യക്ഷപ്പെട്ടു. എന്നിട്ട് അവരോട് പറഞ്ഞു.

കുട്ടികൾ ദൈവം തരുന്ന ഒരു
നിധിയാണ് . അവരെ ഒരിക്കലും
വേദനിപ്പിക്കരുത് എന്ന് പറഞ്ഞു കൊണ്ട്
ആ മാലാഖ അപ്രത്യക്ഷമായി."
പിന്നീട് അവർ നാലു പേരും വളരെ
സന്തോഷത്തോടെ ജീവിച്ചു. യാമിനിയ്ക്കും
വാസുവിനും. അവർ ചെയ്ത
തെറ്റും മനസ്സിലായി.

**ദേവിക എസ് യു**

# പ്രളയം

ഭൂമിതൻ മക്കളാം ജീവജാലങ്ങളിൽ

പ്രാവീണ്യമുള്ള മനുഷ്യരിന്നൊക്കെയും

മക്കൾ മനുഷ്യർ തൻ ക്രൂരതയിൽ

അമ്മയാം ഭൂമിതൻ ഹൃദയ

ഭൂമിതൻ ശ്രേഷ്ഠ ഗുണങ്ങൾ ഉത്ഭവിക്കും

നദികൾ മണ്ണുകൾ മാമലകൾ

മനുഷ്യർ തൻ പ്രവൃത്തിയാൽ മലിനമാക്കി

ഭൂമിതൻ ശ്രേഷ്ഠ ഗുണശ്രേഷ്ഠ ഗുണങ്ങൾ

ക്രൂരതതൻ സീമകൾ ലംഘിച്ച മാനവർ

അമ്മതൻ ഹൃദയം അടർത്തെടുത്തും

അമ്മതൻ വേദന കടിച്ചമർത്തി

ഭൂമിയോ മാപ്പ് നൽകുന്നു

വേദനയാം ആഴക്കടലിൽ മുങ്ങിതാഴുന്നു

ഭൂമിയെ കണ്ട് പൊട്ടിച്ചിരിക്കുന്നു

ആ കാഴ്ച്ച കാണുന്ന ഭൂമിയോ?

അഗ്നിഗോളങ്ങൾ പോലെ ജ്വലിച്ചു നിന്നു

കോപമാം ചുഴലിയിൽ അകപ്പെട്ടൊരാ

ഭൂമി തുടങ്ങി വിറകൊള്ളുവാൻ

മാനവർ ജാതിതൻ ധിക്കാരം

തീർക്കുവാൻ ഭൂമിയോ താണ്ഡവമാടി

ആ താണ്ഡവം കണ്ട ഇരുലോകവും

ഭയചകിതരായി വിറകൊണ്ടിരുന്നു

ആ താണ്ഡവം കൊണ്ട് മാനവജാതിയെ

അൽപസമയം ഭയപ്പെടുത്തി

എന്നിട്ടും മാനവ ജാതിതൻ ക്രൂരതയിൽ

മുന്നേറുന്ന ഈ ഒരു സംഭവം

ഭൂമിതൻ ചിതയിൽ വിങ്ങരൻ

പിന്നെ ഒരു കൊടും കാററായി മാറി തുടങ്ങി

ആനന്ദ കണ്ണീരു പോൽ ഇമഴ പീന്നീട്

ചുട്ട കണ്ണീരായി

ആ ചുട്ടകണ്ണനീർ തുള്ളികൾ പിന്നെ

ഒത്തു കൂടി ഒരു സാഗരമായി

ആ സാഗരം ത്രൂപ കൽപന നൽകി

ഭീകരമായൊരു പ്രളയത്തെ.....•



# ചോദ്യം

വിളിക്കാതെവന്നൊരതിഥിതൻ പല്ലിരമ്പലോ
ഇന്നീ ഞരക്കങ്ങൾ

കുത്തിയൊലിച്ചെത്തുന്ന ചീഞ്ഞശവത്തിൽ
ദുർഗന്ധമോ ഇന്നീ തെരുവോരങ്ങളിൽ

പൊട്ടിച്ചിതറിയ പ്രതീക്ഷകൾതൻ കുപ്പിച്ചി-
ല്ലുകളതാ നെഞ്ചിൽ തറയ്ക്കുന്നു

ഉള്ളിലെ നിറമുള്ള സ്വപ്നങ്ങൾ
കണ്ണീർതുള്ളികളായ് വീണടയുന്നു

നിരാശരായ് നിസ്സഹായരായ്
നോക്കിനിൽക്കാൻ മാത്രം വിധി

ഋതുചക്രത്തിൽ നിന്നൽപ്പം
തിരിഞ്ഞുനോക്കി ഞാൻ

അതാ...വിതുമ്പുന്ന മുഖങ്ങളും
കരഞ്ഞുകലങ്ങിയ കണ്ണുകളും

ആർക്കുവേണ്ടിയീ വെട്ടിപ്പിടുത്തങ്ങൾ?
എന്തിനുവേണ്ടിയീ അടിപിടികൾ?
എല്ലാമിപ്പോൾ ശൂന്യം

എന്തിനെന്നറിയില്ല ഏതിനെന്നറിയില്ല
ഹൃദയമാകെ ഒരിരുൾ മൂടൽ
അവസാനമായൊരൊറ്റ ചോദ്യം
എന്തിന് ബാക്കിവെച്ചീ നഷ്ടസ്വപ്നങ്ങൾ?
വർഷത്തിന്റെ രൗദ്ര ഭാവങ്ങൾ

മഴ മേഘം ഒരുപോലെ

കളിയാടി ഇവിടെ

ആദ്യമായി തുള്ളികൾ

പിഞ്ചോമനയാം കുസൃതിയായി

പിന്നെയെന്തെ ഈ ഒരു ഭാവമാറ്റം

മൂകമായി ശോകമായി പിന്നെയതു

രോഷമായി ഭൂമി ദേവിതൻ രൗദ്ര

ഭാവമായിപരിണമിച്ചു

കൈരളി നീയും വിറങ്ങലിച്ചു

കലിതുള്ളി പെയ്യുന്നകാലത്തിൻ

മുന്നിൽ ഒരു മാത്ര ശങ്കിച്ചു നിന്നു

പോയി പുത്തനും പഴഞ്ചനും

വേർതിരിവില്ലാതെ ഒരുമിച്ചു നിന്നു

നിനക്കുവേണ്ടി

ഇരുളുന്ന രവിപോലും വിടചൊല്ലി

പിന്നെ മഴമേഘങ്ങൾ പോലും

മിഴിനിറച്ചു നിനക്ക് വേണ്ടി

വർഷമേ നീയെന്റെ ഹൃദയത്തിൽ

കരയുന്ന കൈകുഞ്ഞിനൊരു

താരാട്ടു പാട്ടോ ഭൂമി മലർ മന്ദഹാസമോ

കോപമായിമാറുന്ന കണ്ണനീർ തുള്ളിയോ

ഒരു തുള്ളി ഇരു തുള്ളി പലതുള്ളിയതിൽ

തെന്നിവീഴുമ്പോൾ തോൽക്കുന്ന

നീ കൈരളി...

അന്നൊരു കിനാതുള്ളികളിലൂടെ

പിച്ചവെച്ചന്ന നാം നടന്നടുത്തു,

പിന്നെയോരോ ചാറ്റലിലും

ആനന്ദ നൃത്തമായി

വിണ്ണും ഭൂമിയും ചുവടുവെച്ച

പ്രകൃതി അന്ന നീ മനോഹരി

അതി മനോഹരി...

ഇന്ന നീ ചടുലത അനുഭവിക്കുന്ന

പക്ഷി പോലെ...

**ഹാദിയ ഹനാന**

# പ്രളയം ബാക്കിവച്ചത്

പ്രകൃതിതൻ മടിത്തട്ടിലിരുന്നാണ്
നാം ആദ്യാക്ഷരംകുറിച്ചത്
മഴപാടിയ പാട്ടുകേട്ടാണ്
നാം ഉറങ്ങിയത്
കാറ്റിന്റെ ഇളംസൗരഭ്യമാണ്
നമ്മെ പാഠങ്ങൾ പഠിപ്പിച്ചുതന്നത്
പ്രകൃതിചിലപ്പോൾ അമ്മയാവുന്നു
ചിപ്പോൾഅദ്ധ്യാപികയും
മറ്റുചിലപ്പോൾദൈവമായും
പ്രത്യക്ഷപ്പെടുന്നു
എന്നിട്ടും....! നാം
മനസ്സിന്റെ ഉള്ളറയിലുള്ള ഇറ്റ്
നൻമ്മയെയും ചുട്ടെരിച്ച്
ഭൂമിതൻ മടിത്തട്ട് മണ്ണിട്ട് മൂടുകയും
പ്രകൃതിയുടെ മൂല്യങ്ങളെ
വേദനിപ്പിക്കുകയും ചെയ്തു
പ്രകൃതിയുടെ കണ്ണുനീരിന്
ആരും തന്നെ വില വെച്ചില്ല
പ്രകൃതിയുടെ ദയനീയ ഭാവത്തെ ആരും
തിരിഞ്ഞുനോക്കുകയും ചെയ്തില്ല
കരയുന്ന ഭൂമിയോടുനാം കൂടുതൽ
ക്രൂരതകൾ കാട്ടി
അപ്പോഴൊക്കെ ആരും തന്നെ
മനസ്സിലാക്കിയിരുന്നില്ല;പ്രകൃതിയുടെ
ദേഷ്യവും പകയും ഒരു ദിനം
നമുക്ക ചുറ്റും താണ്ടവമാടുമെന്നുള്ള

ഭീകരമാ കാര്യം
പ്രകൃതിയും തിരിച്ചുചോദിക്കും
എന്നുള്ള സത്യം ഇന്നു നാം
മനസ്സിലാക്കിയിരിക്കയാണ്
എവിടെയും ദു:ഖത്തിന്റെയും
നഷ്ടത്തിന്റെയും കണ്ണുനീർ തുള്ളികൾ
ഭൂമിയുടെ എല്ലാ കോണു
കളിൽ നിന്നും അലമുറയുടെയും
സങ്കടത്തിന്റെയും ശബ്ദങ്ങൾ
ആവർത്തിച്ചാവർത്തിച്ചുകേൾക്കുന്നു

പ്രകൃതിയുടെ ദേഷ്യവും പകയും
ചൊരിഞ്ഞിരിക്കയാണ
ചലനമില്ലാതറ്റ് കിടക്കുന്ന ഓരോ
മനുഷ്യ ശരീരവും പേടിപെടുത്തുന്ന
പ്രകൃതിയോട് ചെയ്ത ക്രൂരതയ്ക്ക്
പകരമായ് ഒരുപാട് ജീവൻ
അവൾ കൊണ്ട് പോയി
ഗൃഹനാഥൻമാരില്ലാതെ ഓരോ
വീട്ടും മൂകതയിൽ ആഴ്ന്നിരിക്കയാണ്
സമനില തെറ്റി ഞെട്ടിത്തരിച്ചിരിക്കുന്ന
ഓരോമനസ്സും നൊമ്പരപെടുത്തുന്ന
ഇത്രയും ദയനീയമായ കാര്യങ്ങൾ
എന്തിനാണ പ്രകൃതി നീ ബാക്കിവച്ചത്
പഠിച്ചിരിക്കയാണ് ഞങ്ങൾ ഒരു വലിയ പാഠം
പഠിപ്പിച്ചിരിക്കയാണ് നീ

# വഴിതെറ്റിയ അക്ഷരക്കൂട്ടങ്ങൾ

എഴുതാൻ മറന്ന തൂലിക
കട്ട പിടിച്ച മഷിയെ നോക്കി
കൊഞ്ഞനം കുത്തുന്നു
കുടിച്ചു തീർത്ത
മഷിത്തുള്ളികളോരോന്നായ്
എഴുതി തീർക്കാൻ
വെമ്പിയ തൂലിക
ഇന്ന്
തുറിച്ചു നോക്കുന്ന
അക്ഷരങ്ങളെ ഭയപ്പെട്ട്
തല തല്ലിചാവുന്നു
പുതിയ തൂലികയാകട്ടെ,
അപരിചിതത്വം
കൊണ്ടിണങ്ങാൻ മടിക്കുന്നു
അക്ഷരങ്ങളൊന്നും
വഴങ്ങാത്ത അവസ്ഥ
അലക്കിത്തേച്ച കുപ്പായകീശയിലിരുന്ന്
ചിരിക്കാനാണിഷ്ടം
കൂടെ പുത്തൻനോട്ടുകളുണ്ടെങ്കിൽ
അഹങ്കാരത്തിന്റെ വേലിയേറ്റം

നിർത്താതെ
ചുമച്ചും മൂക്കു ചീറ്റിയും
പഴയവ വഴി മാറുന്നു
താൻ ചെയ്യേണ്ടിരുന്ന
കർമ്മങ്ങളൊക്കെയും

വിരലുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന
തിരിച്ചറിവാണ്
വഴി മാറാനവയെ
പ്രേരിപ്പിക്കുന്നത്

"നജ്മുനിസ"

# ഹൃദയശൂന്യർ

ശുദ്ധ ഹൃദയങ്ങളിൽ കഴുകന്
പതിയിരിക്കലെളുപ്പമാണ്
അങ്ങനെയിരിക്കുന്ന....
കഴുക ദംഷ്ട്രങ്ങൾ
മാംസങ്ങളിലേക്ക്...ആഴ്നിറങ്ങി
രക്തം ഊറ്റിക്കുടിച്ച്
രക്തത്തിൻ കറച്ചുണ്ടിലേന്തി
കുടൽ മാല പുറത്തെടുത്ത്
കഴുത്തിലണിഞ്ഞ്....
ഇളം പുഞ്ചിരിയോടെ
ആർത്തട്ടഹസിക്കും
"ഞാനൊന്നുമറിഞ്ഞില്ലേ..
രാമനാരായണാ"എന്നഭാവത്തിൽ
എന്നിട്ടോ ശുദ്ധഗതി ചമയും
ഒരുചില്ലയിൽ നിന്ന്
മറ്റു ചില്ലകളിലേക്ക്...
ഒരിടത്തിൽ നിന്ന് മറ്റിടത്തിലേക്ക്
ദേശാടനം നടത്തുന്ന...അവരിൽ
ക്രൂരത തളം കെട്ടി നിൽക്കും...
ക്രൂര ദംഷ്ട്രങ്ങൾ,മറ്റുള്ളവരെ
പരിഹസിച്ച്...ചിരിക്കും...

ഫൗസിയ



# ഒറ്റക്കായ വീടുകൾ

ഒറ്റക്കു നിൽക്കുന്ന
വീടിനെ കണ്ടിട്ടുണ്ടോ?
ഇരുട്ടുംദുരുഹതയും
വെളിച്ചവും നിഴലുകളും
കൂട്ടിപ്പിണഞ്ഞങ്ങനെ
മൗനം കുടിച്ചുനിൽക്കുന്നത്
ഒച്ചയനക്കങ്ങളുംടെ
ഭൂതകാലത്തിൽ ആറാടി
പകൽക്കിനാവിൽ മുങ്ങിയമർന്ന്
രാക്കിനാക്കളിൽ തട്ടിത്തടഞ്ഞ്
രാക്കിളിപ്പാട്ടിൽ മുങ്ങത്തുടിച്ച്
കരിയിലകളോടൊത്ത്
കിന്നാരം മൊഴിഞ്ഞ്
അവരങ്ങനെ തുടിക്കുന്ന
ഹൃദയത്തോടെ കാത്തിരിക്കും

# ഒരു വീടിന്റെ കഥ

'ഇനി..ഇനി കരയില്ല അമ്മേ....മാപ്പ്....മാപ്പ്" കോപം കൊണ്ട് തക്കാളി പോലെ ചുവന്ന അമ്മയുടെ മുഖത്ത് നോക്കി അവൻ ദയനീയമായി ഗദ്ഗദമൊതിക്കി കൊണ്ട് പറഞ്ഞു അമ്മയുടെ കോപം ലേശൊമൊന്നടങ്ങിയതിപോലെ കാണപ്പെട്ടു
അമ്മ ഒന്നുംപറയാതെ അടുക്കളവാതിക്കലേക്ക് തിരിഞ്ഞു. "പത്മിനി...എടീ...പത്മിനീ എന്ത് നിൽപായിത് ഒന്നിങ്ങുവന്നേ...."അയൽകാരിയായ ശാന്ത വേലികരികിലേക്ക് അമ്മയെ മാടിവിളിക്കുന്നത് രഘു കണ്ടു."എന്തിനായിരിക്കരും തനിക്ക് വല്ലതും തരാനാകുമോ...?അല്ല മറ്റെന്തെങ്കിലുമാകും. ശാന്തചേച്ചി ഇത്രയും വിനയത്തോടെ വിളിച്ചിട്ടും അമ്മയിതെവിടെ...?"രഘു മെല്ലെ അടുക്കളവാതിലിന്റെ അടുത്തേക്ക് പാളിനോക്കി "ഹാവൂ......അമ്മ പോയിരിക്കുകയാണ് ...എന്തിനാകും ശാന്തചേച്ചി വിളിച്ചിട്ടുണ്ടാവുക വല്ല ആഹാരമോ പലഹാരമോ ആയിരിക്കുമോ...? അല്ല തനിക്ക് വിശന്നതോണ്ട് തോന്നുകയായിരിക്കും.വല്ലപ്പോവുമൊക്കെ ശാന്തചേച്ചി വിളിക്കുമ്പോൾ ഭക്ഷണം അമ്മയുടെ അടുത്ത് നൽകാറുണ്ട് ചോറോ കറികളോ ഒന്നുമില്ലെങ്കിൽ അവരുടെ മകൾ കൊണ്ടു വന്ന ഹൽവയോ പഴങ്ങളോ ആയിരിക്കും.അല്ലേ വേണ്ട....താനിപ്പം എന്തിനാ അതുംആലോചിച്ചിരിക്കുന്നേ..... ഇനി അമ്മയെ ദേഷ്യം പിടിപ്പിക്കരുത്. വിശന്നു കരയണ്ട അമ്മയുടെ അടുത്ത് ഭക്ഷണം ഇല്ലാഞ്ഞിട്ടല്ലേ.....അരിയിട്ടുതിളപ്പിച്ച വെള്ളം കണ്ടിട്ടു തന്നെ ദിവസം രണ്ടായി.എന്നിട്ടും അമ്മക്ക്കിട്ടുന്നതെന്തും അമ്മ ആകെപ്പാടെ വിഴുങ്ങാതെ എനിക്കു തരുന്നുണ്ടല്ലോ അതുമതി....എന്നാലും...ഈ വിശപ്പടങ്ങാനെന്താണ് വഴി..." കൈയ്യിലെന്തോ പൊതിയുമായി അമ്മ കയറിവന്നു.
"മോനേ....രഘൂ..."
അമ്മയുടെ വിളിയിൽ അവൻ അലിഞ്ഞുപോയി.എന്തൊരു സ്നേഹമുള്ള അമ്മ.അവൻ അടുക്കള വരാന്തയിലേക്ക് ഓടി ചെന്നു.
"എന്താണമ്മേ....."
"രഘുമോനേ...."
അച്ഛന്റെ വിളി രഘുവിനെ സന്തോഷിപ്പിച്ചെങ്കിലും ഇതുവരെ കാണാത്ത ഒരാൾ എന്ന നിലയിലാകണം രഘു അപരിചിതത്വം നടിച്ചു.
" രഘു....എന്താ നിനക്ക് സങ്കടം പോലെ . അച്ഛനെ ഇഷ്ടായില്ലേ..." അമ്മയുടെ സന്തോഷം നിറഞ്ഞ കണ്ണീരോടുകൂടിയ ചോദ്യം അവൻ അവഗണിച്ചതുപോലെ.
അവൻ അച്ഛന്റെ കൈകളിൽ നിന്ന്

മോചിതനാകാനാഗ്രഹിച്ചു.അവനെ കൂടുതൽ ചേർത്തു പിടിച്ചു കൊണ്ട് അച്ഛൻ അമ്മയോടായി പറഞ്ഞു

"അവൻഞാനുമായപരിചയത്തിലാകുന്നതേയുള്ളൂ...നീ ഇതാ20രൂപ ആ ഓട്ടോകാരന് നൽകി ആ ഓട്ടോയിലുള്ള കവറുകൾ എടുത്തു വെച്ചേര്.."

അച്ഛൻ അവനെ താഴെവച്ചു അവന്റെ കൈകൾ തന്റെ കൈയോടുചേർത്തുവച്ചു വീടിന്റെ മുമ്പിലുള്ള തുളസിത്തറയിലെ തുളസിച്ചെടിയിൽ നിന്ന് ഒരു തുളസിയില പറിച്ചു വിനയപൂർവ്വം വളരെ ശ്രദ്ധയോടെ കീശയിലിട്ടു . രഘു അച്ഛനെ വീക്ഷിക്കുകയായിരുന്നു.

കവറുകളൊക്കെ വരാന്തയിൽവച്ചശേഷം അമ്മ അച്ഛന്റെ അരികിലേക്ക് വന്നു .

"വീടിന്റെ വാടക കൊടുക്കാറായിരുന്നു....അയാളിന്ന് വരുമെന്ന് പറഞ്ഞു. നിങ്ങൾ പോയ ശേഷം വന്ന രണ്ട് കത്തുകളിലുമുണ്ടായിരുന്ന തുകയൊക്കെ തീർന്നിരുന്നു.പിന്നെ........"

"നീ...വിഷമിക്കേണ്ട ഞാൻ പണം നൽകാം അവൻ വരട്ടെ...." അച്ഛൻ പറഞ്ഞ് നാവെടുത്തതും നിമിഷങ്ങൾക്കുള്ളിൽ തന്നെ കുടവയറും വലിയ മീശയുമുള്ള വാടകക്കാരൻ ശങ്കരൻ അവിടെ പ്രത്യക്ഷപ്പെട്ടു. രഘു പോലുമറിയാതെ രഘുവിന്റെ വായിൽ നിന്ന് "അയ്യോ "എന്ന സ്വരം പുറത്തേക്ക് വന്നു.

"എന്താ രഘൂ...പേടിച്ചുപോയോ..." അച്ഛൻ ചിരിച്ചുകൊണ്ട് ചോദിച്ചു.പത്മിനീ..നീ ഇവന് വല്ലതും കൊടുക്ക് ഞാനും ശങ്കരേട്ടനും കൂടി ഒന്ന് സംസാരിച്ചിട്ടു വരാം.



# ഞാനിന്നും ഏകാന്തതയിൽ

എന്നെ ഒറ്റക്കാക്കി എലാരും പോയി ഇതിനു മുമ്പ് എത്രയോ നല സന്തോഷ ദിവസങ്ങളതൾ എനിക്കുണ്ടായിരുന്നു അപ്പൂപ്പനും അമ്മൂമയും ലച്ചൂച്ചേച്ചിയും ദേവൂട്ടനും അവരുടെ അചനും അമ്മയും എലാരും ദിവസങ്ങൾ അതിന്റെ ഓരുമകൾ മാത്യംബാക്കി ഒരു സന്ധ്യനേരം ചാരുകസേരയിൽ ഇളം കാറ്റുംകൊണ്ടങ്ങനെ ഇരിക്കുകയാണ് ബേബിച്ചേട്ടൻ എന്റെ അരികിലായിട്ട് പുഴയാണ് വയലും പൂന്തോട്ടങ്ങളും മവുകളും എലാം നിറഞ്ഞ പ്രകൃതിയോടടുത്ത് ജീവിക്കുന്നവരായിരുന്നു ഇവരും ലച്ചൂച്ചേച്ചിയും ദേവൂട്ടനും സ് കൂളിൽ പോയിരിക്ക് യാ അവരിലാതെ എനിക്കൊരുസുഖവും കിട്ടിയിട്ടില അതാ വരുമന്നു രണ്ടുപേരും എനിക്ക് സന്തോഷയി എന്തോ ഒരു നല്ല സന്തോഷത്തിലാണല്ലോ രണ്ടുപേരും.കഴിഞ്ഞകൊല്ല ത്തെ ഈദിവസം ഞാനാലോചിച്ചു....

ഹോ ഇന്ന് ദേവൂട്ടന്റെ 5ാംപിറന്നൾ ആഘോഷമല്ലേ.എല്ലാരും കുടിഅവനുവേണ്ടി സപ്രൈസിനുവേണ്ടി തയ്യാറെടുകുന്നകര്യംഞാന റിഞ്ഞില്ല.പിന്നെയാ കണ്ടത് ഹാളിൽ ആളുകളും അലങ്കാരങ്ങളും എല്ലാംകൊണ്ട് നിറഞ്ഞിരിക്കുന്നു അവനിങ്ങ് കയറിയതുംഎല്ലാവരും കൂടി ഹാളിൽ ഒരു പൂരം തന്നെ തീരുന്നു അങ്ങനെ കേയ് ക്കും മിഠായികളും വിതരണവും എല്ലാം കഴിഞ്ഞ് എല്ലാരും പിരിഞ്ഞ് പോയി . അവനെ ഒരു കോമാളിരൂപത്തിൽ യാക്കി മാറ്റിയിട്ടുണ്ടായിരുന്നു അവരും . ഹാളിലെ എന്റെ ചുമരുകളിലും എല്ലാവരും കൂടി ഒരു കലവറ തന്നെ തീരുന്നു അങ്ങനെ ദേവൂട്ടന്റെ യും ലച്ചൂച്ചേച്ചിയുടെയും ഒരു പാട്ടും ഡാൻസും

ഒക്കെ ക്കഴിഞ്ഞ് എല്ലാരും റൂമിലേക്ക് പോയി . അങ്ങനെ അപ്പൂപ്പൻ ഒരു കഥ പറഞ്ഞു തുടങ്ങി ദേവൂട്ടൻ അത് കേട്ട് ഉറങ്ങുകയും ചെയ്തു ഇവിടെ ഒരു കാര്യണ്ട് എന്നോടാരും മിണ്ടുകയും കളിക്കുകയും ഒന്നുല്ല. എന്നാല്ലും എല്ലാവരുടെ സന്തോഷത്തിലും അങ്ങ് പങ്കുചേരുക എന്നല്ലാതെ വേറൊന്നുല്ല അങ്ങനെ നേരം പലർന്നു. പിന്നെയും ഒച്ചയും തിമിർപ്പും എല്ലാം തുടങ്ങി .ദേവൂട്ടന്റെ കരച്ചിലാണല്ലോ ആ കേൾക്കുന്നത്.....എന്റെ ശ്രദ്ധ അങ്ങോട്ടായി.നോക്കുമ്പോ എന്താന്നറിയോ ഇന്നവന് പുഴക്കടവത്തു നിന്ന് കുളിക്കണോ ന്നൊരേയൊരു വാശി. രാവിലത്തന്നെ ഒരടിയുണ്ടാക്കണ്ടാന്നു കരുതി അപ്പൂപ്പൻ അവനയും ലച്ചൂച്ചേച്ചിയെയും കൂട്ടി കുളിക്കാൻ പോയി വീടായ എനിക്ക് അവരുടെ കൂടെ പോവാൻ പറ്റില്ലല്ലോ. അതുകൊണ്ട അവിടെ നടന്നതൊന്നും ഞാനറിഞ്ഞില്ല പൊട്ടുന്നാണ് ആളുകളെല്ലാം പുഴക്കരയിലോട്ട് ഞാൻ കണ്ടത് . എന്നെ ഒറ്റയ് ക്കാക്കി എല്ലാരും അങ്ങോട്ട് പോയി . എന്തായിരിക്കും എന്നറിയാനുള്ള ആക്ഷയോടെ ഞാൻ പൊറുതിമുട്ടി എന്നാൽ ആംബുലൻസും ആളുകളുടെ നിലവിളിയുടെയു എല്ലാം ശബ്ദം മാത്രമേഞാ ൻ കേൾക്കുന്നുള്ളു കാര്യം എനിക്ക് ഏതാണ്ട് മനസിലായി. തിരിച്ച് പോകുന്ന ആളുകളുടെ സംസാരം ഞാൻ കേട്ടു. അപ്പൂപ്പനെ എല്ലാരും കുറ്റം പറയുന്നു.പുഴയുടെ ശക്തിയായ ഒഴുക്കിൽ ദേവൂട്ടൻ

പെട്ടന്നറിഞ്ഞതും ഞാനകപ്പാടെ ഒന്നാടിപ്പോയി
എന്റെട്ടത്തേക്ക് ആരും വരുന്നില്ല . നേരം സന്ധ്യയായി.
ഒരാംബുലൻസിന്റെ ഹോണടി ഞാൻ കേട്ടു ആകാംരക്ഷയോടെ നോക്കിനിന്ന് ഞാൻ കണ്ടത് ദേവൂട്ടന്റെ വെള്ളത്തുണിയിൽ പൊതിഞ്ഞ  ശരീരമായിരുന്നു . ആർത്തു നിലവിളിക്കുന്ന അവന്റെ അമ്മയും അഛനും ഒരു പ്രതിമപോലെ നൽക്കുന്ന
അമ്മൂമ്മയും അപ്പൂപ്പനും .
ലച്ചുച്ചേച്ചിയാണെങ്കിലോ ആർക്കും പിടിച്ചുവെക്കനാവാത്ത വിധത്തിൽ അലമുറിയിടുന്നു .ഇന്നലെ ഈനേരം സന്തോഷം കൊണ്ട് നിറഞ്ഞു എന്നാൽ ഇന്നാകെ നിലവിളികളുടെയും  ദുഃഖത്തിന്റെയും ഒരുമരണവീടായി ഞാൻ
മാറി എല്ലാം ഒരു നിമിഷത്തിൽ വന്നു ചേർന്നതു പോലെ ആർക്കും ഒരു മിണ്ടാട്ടമൊന്നും കാണുന്നില്ല എല്ലാം കഴിഞ്ഞ്
എല്ലാരും പിരിഞ്ഞു .എന്നിട്ടും എന്റെ പരിസരം മൊത്തം ആകെ ഒരു പുക നിറഞ്ഞഅവസ്ഥയായിരുന്നു.
രണ്ട്
ദിവസങ്ങൾക്ക് ശേഷം അപ്പൂപ്പനും അമ്മൂമയും ലച്ചു ചേച്ചിയും ദേവൂട്ടന്റെ അച്ഛനും അമ്മയും എല്ലാരുംകൂടി എങ്ങോട്ടോ ആരൊക്കെയോ കൂട്ടി കൊണ്ടുപോയി.ഞാനൊന്നും അറിയുന്നില്ല.അന്ന്  തൊട്ടിന്നുവരെ അവരെങ്ങോട്ടു പോയിന്ന് എനിക്കറിയില്ല ഇന്നും അതിലൂടെ ആരെങ്കിലും പോയാൽ അവരെക്കുറിച്ചെന്തെങ്കിലും വിവരത്തെപ്പറ്റി പറയുന്നുണ്ടോന്നു ഞാൻ നോക്കും ആകെ മണ്ണും മുറ്റമാകെ കാടും എന്റെ ദേഹമൊക്കെ പൊടിയും എല്ലാകൂടി നിൽക്കുന്ന എന്നെ ഒരു മനുഷ്യക്കുഞ്ഞ് പോലും തിരിഞ്ഞ് നോക്കാറില്ല. എന്നെ ആർക്കും
വേണ്ടാതായി. അതോടെ ഞാൻ ഏകാന്തതയിലേക്ക് വഴുതിവീണു.

# ആതിരപ്പള്ളിയിലേക്ക്...!

എന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരു അനുഭവമാണ് ഞാൻ എന്റെ തൂലികകൊണ്ട് വരച്ചിടാൻ ശ്രമിക്കുന്നത്. അന്ന് ഒരു ശനിയാഴ്ചയായിരുന്നു. ഞാൻ ഏറെ കാത്തിരുന്ന ഒരു ദിവസം. ഫെബ്രുവരി 11- ന് പുലർച്ചെ 4 മണിയോടെ ഞങ്ങളെല്ലാവരും അങ്ങാടിയിലെത്തി. ഏകദേശം എല്ലാവരും എത്തിയിരുന്നു. രണ്ട്, മൂന്നു പേർ കൂടെ എത്താനുണ്ടായിരുന്നു. പോകാൻ വെമ്പലോടെ കാത്തിരുന്ന ആ യാത്ര തുടങ്ങി. എനിക്ക് യാത്രകൾ ചെയ്യാൻ ഒരുപാട് ഇഷ്ടമാണ്.

ഇരുട്ടിനെ കീറി മുറിച്ചുകൊണ്ട് ബസ് മുന്നോട്ട് പോയി. കോടമഞ്ഞിന്റെ തണുപ്പും തലോടലുമേറ്റ് ബസും ഞങ്ങളും മുന്നോട്ട് പോയി. കൂടെ DJ യുടെ ഈരടികളും... കോഴിക്കോട് കഴിഞ്ഞ് മലപ്പുറത്തേക്ക് കടന്നപ്പോൾ അതിമനോഹരമായ ഒരു ദൃശ്യം! പ്രകൃതിയും പച്ചപ്പും കോടമഞ്ഞിനാൽ മൂടപ്പെട്ടിരിക്കുന്നു. അതിന് മുകളിലായി അരുണ സൂര്യന്റെ കിരണങ്ങൾ പതിക്കുന്നുണ്ട്... രണ്ട്, മൂന്ന് മിനുട്ട് ആ ദൃശ്യം നീണ്ടുനിന്നു. യാത്ര തുടർന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് എത്രയെത്ര ധീരദേശാഭിമാനികൾ പടവെട്ടി മരിച്ച മാമാങ്കത്തിന് സാക്ഷ്യം വഹിച്ച നിള... യാത്രയ്ക്കിടെ ഭാരതപ്പുഴയുടെ ചെറിയൊരു ഭാഗം മാത്രമേ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞുള്ളൂ. നിളയുടെ അവസ്ഥ ഇന്ന് ഏറെ പരിതാപകരമാണ്. വറ്റി വരണ്ട് മണൽ തിട്ടകളായി മാറിയിരിക്കുകയാണ്. അങ്ങിങ്ങായി ചെറിയ വെള്ളച്ചാലുകൾ മാത്രം... വൈകാതെ ഞങ്ങൾ തൃശ്ശൂരിലെത്തി. അവിടെ ഒരു ശ്രീനാരായണ ക്ഷേത്ര പരിസരത്ത് ബസ് നിർത്തി. സ്വാദോടെ പൊറോട്ടയും ഇഷ്ടം കഴിച്ചു. റോഡരികിലിരുന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീനാരായണ ഗുരുവിന്റെ ഓർമ്മകൾ മനസിലേക്കോടിയെത്തി. ഭക്ഷണം കഴിച്ച കഴിഞ്ഞ് അവിടുന്ന് നേരെ ആതിരപ്പള്ളിയിലേക്ക്.... DJ യ്യൊപ്പമുള്ള കൂട്ടുകാരുടെ ചുവടിനൊപ്പം ചേർന്നപ്പോൾ കാഴ്ചകൾ കുറേ നഷ്ടമായി. വയലേലകളിൽ മേയുന്ന കന്നുകാലികളും അവയ്ക്ക് മുകളിൽ വന്നിരിക്കുന്ന കൊക്കും വിദൂരഭൂതകാലത്തിന്റെ ഓർമകളുണർത്തിക്കൊണ്ട് മനസിലൂടക്കി നിന്നു.

ആതിരപ്പള്ളിയോടടുത്തപ്പോൾ വെള്ളച്ചാലുകളും പനന്തോട്ടങ്ങളും കണ്ടുതുടങ്ങി. ഏകദേശം ഒരു 12 മണിയോടടുത്തപ്പോൾ ഞങ്ങൾ ആതിരപ്പള്ളിയിലെത്തി. പ്രകൃതിയുടെ മാസ്മരികതയും മനോഹാരിതയും ഒത്തുചേരുന്ന ഇന്ത്യയുടെ നയാഗ്ര..! ആതിരപ്പള്ളി വെള്ളച്ചാട്ടം... അരമണിക്കൂറാണ് ഞങ്ങൾക്ക് അവിടെ അനുവദിച്ചിരിക്കുന്നത് കത്തിജ്വലിക്കുന്ന ഉച്ചസൂര്യന്റെ തീഷ്ണതയെ അവഗണിച്ച കൊണ്ട്, പുഴയുടെ തഴുകലേറ്റ് മിനുസമാർന്ന പാറയ്ക്ക് മുകളിലിരുന്നുകൊണ്ട് ഞങ്ങൾ ആ കാഴ്ച ആസ്വദിച്ചു. വെയിലിന്റെ ചൂടിനൊരാശ്വാസം പകരാനായി കുളിരുകോരുന്ന വെള്ളത്തിലേക്ക് കുറച്ച് നേരം കാലിറക്കി വച്ചു. പരൽ മീനുകളുടെ

കടിയേറ്റ് കാലുകൾ ഇക്കിളി കൊണ്ടു. അവിടെ വന്ന അതിഥികളെ സ്വീകരിക്കാൻ എന്ന വണ്ണം മരക്കൊമ്പുകളിൽ ഇരിക്കുന്ന കുരങ്ങന്മാർ. സമയപരിധി 30 മിനിറ്റ് ആയതുകൊണ്ട് തന്നെ വേഗം ഇറങ്ങി. ബസ് നിർത്തിയത് അകലെയായിരുന്നു. ആതിരപ്പള്ളിയുടെ വശ്യ സൗന്ദര്യം നുകരാനെത്തിയ സഞ്ചാരികൾക്കിടയിലൂടെ തിങ്ങി ഞെരുങ്ങി ബസിനടുത്തേക്ക് നീങ്ങി. റോഡിൽ നിന്നാൽ വെള്ളച്ചാട്ടത്തിന്റെ സൗന്ദര്യം മരങ്ങൾക്കിടയിലൂടെ മുന്നിൽ തെളിയും. വെള്ളി ഉരുക്കി ഒഴിക്കുന്നത് പോലെ താഴേക്ക് പതിക്കുന്ന വെള്ളം...! ഇനി സിൽവർ സ്റ്റോമിലേക്ക്....

ഒന്നരയോടെ സിൽവർ സ്റ്റോമിലെത്തി. ടിക്കറ്റ് എടുത്ത് സിൽവർ സ്റ്റോമിനുള്ളിലേക്ക് കയറി. അവിടെ ഞങ്ങളെ എതിരേറ്റത് ഭീമാകാരനായ ഒരു വ്യാളിയുടെ പ്രതിമയായിരുന്നു. അത്ഭുതം കൂറി ചുറ്റിലും നോക്കിയപ്പോൾ ഒരു മായികലോകത്ത് എത്തിച്ചേർന്നതുപോലെ തോന്നി. പലതരത്തിലുള്ള റൈഡുകൾ, നിറയെ ആളുകളും... ഒന്നരണ്ടെണ്ണത്തിൽ കയറി, അപ്പോഴേക്കും ഭക്ഷണം കഴിക്കേണ്ട സമയമായി. എല്ലാവരും ഭക്ഷണം കഴിച്ച് വീണ്ടും റൈഡുകളിൽ കയറാൻ തയ്യാറായി. ഞങ്ങൾ ആവേശത്തോടെ പല ഗ്രൂപ്പുകൾ ആയി തിരിഞ്ഞു. ഓരോ റൈഡും വളരെ വ്യത്യസ്തതയുള്ളതായിരുന്നു. അവിടെയുള്ളവയിൽ മറ്റൊരു പ്രധാന ആകർഷണം വാട്ടർ തീം പാർക്ക് ആയിരുന്നു. കാറിലും പെഡൽ ബോട്ടിലും മറ്റ് റൈഡുകളിലും ഞങ്ങൾ ആവേശത്തോടെ കയറി. Water wave,rain,slider തുടങ്ങിയവ ഞങ്ങൾക്ക് വ്യത്യസ്തമായ അനുഭവങ്ങൾ ആയിരുന്നു. ആറുമണിയോടെ റൈഡുകൾ അവസാനിപ്പിച്ച് സ്നോ സ്റ്റോമിലേക്ക് കയറി.അവിടേക്ക് കയറു മുൻപ് ഞങ്ങളെ എസ്കിമോകൾ ധരിക്കുന്നത് പോലെയുള്ള പ്രത്യേകതരം ജാക്കെറ്റുകളും ഷൂവും ഗ്ലൗസും എല്ലാം ധരിപ്പിച്ചു. ശരിക്കും ധ്രുവപ്രദേശങ്ങളിലേതു പോലെ മഞ്ഞും സ്ലൈഡും എല്ലാം ഉണ്ടായിരുന്നു. പതിയെ,പതിയെ തണുപ്പ് ഞങ്ങളുടെ ശരീരത്തിലേക്ക് ഇരച്ചു കയറി. കയ്യും കാലുമൊ ക്കെ മരവിക്കാൻ തുടങ്ങി. പിന്നെ എനിക്ക് അവിടെ നിൽക്കാൻ കഴിഞ്ഞില്ല. ഞാൻ വേഗം പുറത്തേക്കിറങ്ങി. DJ പാർട്ടിയൊക്കെ ഉണ്ടെന്നു പറഞ്ഞു പക്ഷേ എനിക്കതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. പുറത്തിറങ്ങിയിട്ടും കൈകാലുകളുടെ മരവിപ്പ് മാറിയിട്ടില്ല. കൈകളും കാലുകളും എല്ലാം ചുവന്ന നിന്നിരുന്നു. കുറച്ച് സമയം കഴിഞ്ഞപ്പോൾ അത് മാറാൻ തുടങ്ങി.ഒരു 7:15ന് ഞങ്ങളെ ഭക്ഷണം കഴിക്കാൻ വിളിച്ചു. നെയ്ച്ചോറും ഇറച്ചിയും ആയിരുന്നു ഉണ്ടായിരുന്നത്. ഏതാണ്ട് 8 മണിയോടെ ബസ് പുറപ്പെട്ടു. നേരത്തെ ഭക്ഷണം കഴിച്ചത് കൊണ്ട് വയറു നിറഞ്ഞിരുന്നു. ഞങ്ങൾ പോകും വഴി അവിടെ ഏതോ ഒരു ക്രിസ്ത്യൻ പള്ളിയിൽ പെരുന്നാൾ കണ്ടു. അതിന്റെ ഭാഗമായി ഘോഷയാത്രയായും പടക്കങ്ങൾ പൊട്ടിച്ചു അവർ ആഘോഷിക്കുകയാണ്. റോഡരികിലെ വീടുകളെല്ലാം ദീപാലകൃതമായിരുന്നു. മാതാവിന്റെ തിരുസ്വരൂപത്തിനു മുൻപിൽ കത്തിച്ചുവച്ച മെഴുകുതിരികൾക്കു മുൻപിൽ ഒരു നിമിഷം ധ്യാനനിമഗ്നയായി. എന്നെ സംബന്ധിച്ചിടത്തോളം ഈ ഒരു കാഴ്ച വളരെ അപൂർവമായിരുന്നു.രാത്രിയുടെ സൗന്ദര്യം ആസ്വദിച്ച് തണുത്ത കാറ്റേറ്റ് യാത്ര ചെയ്യാൻ എന്തൊരു സുഖമാണ്! കാറ്റ് കണ്ണുകളെ തഴുകിയപ്പോൾ ഇടയ്ക്കൊന്നും മയങ്ങി പോവുകയും ചെയ്തു. അപ്പോഴും ബസ്സിൽ DJ യുടെ താളത്തിനൊത്ത് കൂട്ടുകാരെല്ലാവരും

**നിള**
















ROBOTECH






















# LITTLE KITES 2021-24 BATCH



# [ഇ ]-താളുകൾ ഇവിടെ അവസാനിക്കുന്നില്ല

പരസ്പരം അടുത്തറിയാവുന്ന മനസ്സുകൾക്കിടയിൽ ഔപചാരികതകൾ കൊണ്ടുള്ള ആവരണം

ആവശ്യമില്ലെന്നറിയാം.എങ്കിലും ആ രണ്ടക്ഷരം **നന്ദി**.......
നിങ്ങളുടെ കഥകൾക്ക് കവിതകൾക്ക് വരകൾക്ക്
ചിന്തകൾക്ക് എല്ലാത്തിനുമുപരി നവ മാധ്യമത്തിലൂടെ
നിങ്ങൾക്ക് മുന്നിലെത്തിക്കാൻ കഴിഞ്ഞതിന്...............

